# ഡയറ്റ് മലപ്പുറം - സ്ലേറ്റ് - 2

## മലയാളം - പാഠാസൂത്രണരേഖ (കരട്)

**ക്ലാസ് : 2   യൂണിറ്റ് : 1 എന്റെ കേരളം   മൊഡ്യൂൾ 3 മാണിക്ക്യച്ചെമ്പഴുക്ക**

| | |
|---|---|
| **ആമുഖം** | മാണിക്കച്ചെമ്പഴുക്ക എന്ന ഭാഗം നാടൻകളികൾ, പൊതുഇടങ്ങൾ, വിവിധ തൊഴിലുകൾ, കളിപ്പാട്ടം, എന്നീ ആശയങ്ങൾ ഉൾക്കള്ളുന്നു. പരിസരപഠനത്തിന് ഊന്നൽ നൽകുമ്പോൾ തന്നെ ഭാഷാപഠനവും കലാ കായിക പ്രവൃത്തി പരിചയ ആശയങ്ങളും ഈ ഭാഗത്ത് ഉദ്ഗ്രഥിച്ചിട്ടുണ്ട്. |
| **ആശയം** | - ഓരോ നാടിനും അതിന്റേതായ പ്രത്യേകതകളുണ്ട് - നാട്ടിൽ വിവിധ തൊഴിലുകൾ ചെയ്യുന്നവരുണ്ട് - ഓരോ നാട്ടിലും പലതരം കളികളുണ്ട് - നാട്ടിൽ പൊതു ഇടങ്ങളും പൊതു സ്ഥലങ്ങളുമുണ്ട് - ജനങ്ങളുടെ കൂട്ടായ്മയിലൂടെയാണ് നാടിന്റെ പുരോഗതി സാധ്യമാവുക - പ്രകൃതിയുടെ സ്വാഭാവിക രൂപവിന്യാസം ഉൾക്കൊണ്ട് ചിത്രീകരിക്കുന്നു. - വരികളുടെ ആശയം ഗ്രഹിച്ച് താളാത്മകമായി പാടൽ - നിർദേശാനുസരണം കളികളിൽ ഏർപ്പെടൽ - തൊഴിലിന്റെ ശാരീരിക ചലനം തിരിച്ചറിയുക - വിവിധ കൗതുക വസ്തുക്കളുടെ നിർമ്മാണം |
| **പഠനനേട്ടങ്ങൾ** | - സ്വന്തം പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ തിരിച്ചറിഞ്ഞു പറയുകയും എഴുതുകയും ചെയ്യുന്നു - സ്വന്തം പ്രദേശത്തെ തൊഴിലുകൾ അന്വേഷിച്ച് പട്ടികപ്പെടുത്തുന്നു, നിഗമനം രൂപീകരിക്കുന്നു - നാട്ടിലെ കളികൾ കളിരീതികൾ എന്നിവ വ്യത്യസ്ഥമാണെന്ന് തിരിച്ചറിയുകയും ഏതാനും കളികളിൽ ഏർപ്പെടുകയും ചെയ്യുന്നു. - നാട്ടിലെ പൊതു ഇടങ്ങൾ അവിടങ്ങളിലെ സേവനങ്ങൾ എന്നിവ അന്വേഷിച്ച് കണ്ടെത്തി അവതരിപ്പിക്കുന്നു.- ജനങ്ങളുടെ കൂട്ടായ്മയിലൂടെയാണ് നാടിന്റെ പുരോഗതി സാധ്യമാകുന്നതെന്ന് തിരിച്ചറിയുകയും അതിനായി പ്രവർത്തിക്കുകയും ചെയ്യുന്നു - വാതിൽപ്പുറ ചിത്രീകരണം നടത്തുന്നു - ശബ്ദക്രമീകരണത്തോടെ പാടുന്നു - പ്രാദേശിക കളികൾ നിരീക്ഷിക്കുന്നു കളിക്കുന്നു. - ചുറ്റപാടും ലഭക്കുന്ന വസ്തുക്കൾ ഉപയോഗിച്ച് കൗതുക വസ്തുക്കൾ നിർമ്മിക്കുന്നു. |
| **പ്രക്രിയാശേഷി/ വ്യവഹാര രൂപം** | - നിരീക്ഷണം, നിഗമനം, നിർദ്ധാരണം, വിവരണം, റോൾപ്ലേ, ആലാപനം |
| **പഠനസാമഗ്രികൾ:** | - കടലാസ്, ഹാർഡ്ബോർഡ്, അക്ഷരക്കാർഡ്, പദക്കാർഡ്, വിവിധ തൊഴിൽ ചിത്രങ്ങൾ |
| **പ്രതീക്ഷിത സമയം** | 8 മണിക്കൂർ |
| **പ്രവർത്തനങ്ങൾ** | 1. മാണിക്കചെമ്പഴുക്ക - വായനയിലേക്ക്, 2. മാണിക്കചെമ്പഴുക്ക - കളി 3. എത്ര കളികളുടെ പേരറിയാം, 4. ഇഷ്ടപ്പെട്ട കളി - വിവരണം, 5. കളിപ്പതിപ്പ്, 6. നമ്മുടെ കുളം - വായന, 7. ചോദ്യങ്ങൾ, ഉത്തരങ്ങൾ, 8. ചിത്രീകരണം, 9. പൊതുഇടങ്ങൾ, 10. ബോർഡുകൾ, 11.തൊഴിൽ ഏതെല്ലാം 12. വീട് നിർമ്മാണം - തൊഴിൽ, 13. തൊഴിൽ സർവ്വേ, 14. വാക്കുകൾ, വാക്യങ്ങൾ, 15. കളിപ്പാട്ടം, 16. മലനാടിന്റെ |
| | |

| | |
|---|---|
| | പ്രത്യേകത, 17. കണ്ണാടി (1) പാടാം, 18. കണ്ണാടി (2) പറയാം എഴുതാം 19. കണ്ണാടി (3) എഴുതാം, 20.കണ്ണാടി (4) പറയാം എഴുതാം, 21.കണ്ണാടി (5) വീട്നിർമ്മാണം - തൊഴിൽ |
| **വായനാസാമഗ്രി** | - കളിവിവരണം - കവിത - ആശയം |
| **വർക്ഷീറ്റ്** | - സർവ്വേ ഫോറം |
| **പോസ്റ്റർ** | - തൊഴിലുകൾ |
| **സർഗ്ഗവേള** | - ചിത്രീകരണം<br>- നാടൻപാട്ടുകൾ, കളികൾ പ്രദർശനം |
| **ചുമർപത്രം** | - രചനകൾ, ചിത്രങ്ങൾ, വിവരണം |
| **ദിനാചരണം** | |
| **സിപിടിഎ** | - പ്രദർശനം, പ്രകടനങ്ങൾ, പഠനനേട്ടം ചർച്ച |

**പ്രവർത്തനം - സൂക്ഷ്മപ്രക്രിയ**

**1) മാണിക്കച്ചെമ്പഴുക്ക- വായന**

- നമ്മൾ സാധാരണ എന്തെല്ലാം കളികളാണ് കളിക്കാറുള്ളത് ? - പന്തുകളി, ക്രിക്കറ്റ് കളി, ഓടിക്കളി, തൊട്ടുകളി, ഗോട്ടിക്കളി കുട്ടികൾ പറഞ്ഞു. - എന്നാൽ ഇന്നു നിങ്ങൾ ഇതു വരെ കളിക്കാത്ത ഒരു കളി കളിക്കണം. അതിന്റെ പേര് *മാണിക്കച്ചെമ്പഴുക്ക* എന്നാണ്. ആർക്കെങ്കിലും ആ കളി അറിയാമോ?
- ഇല്ല, ഇതാണു കുഴപ്പം. മാഷിനും അറിയില്ല. എങ്ങനെയായിരിക്കും ആ കളി? ഒന്നു പറഞ്ഞു നോക്കാം. - കുട്ടികൾ പ്രതികരിക്കുന്നു. ടീച്ചർ ബോർഡിൽ എഴുതുന്നു. - ശരിക്കും എങ്ങനെയാണെന്നറിയാനുള്ള വഴിയെന്താണ്? - നമ്മുടെ പുസ്തകത്തിലെ 14-ാം പേജ് എടുക്കുക. അതിൽ ഈ കളി എങ്ങനെയാണെന്ന് എഴുതീട്ടുണ്ട്. - കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു. കളിക്കേണ്ടത് എങ്ങനെയാണെന്ന് അവർ കണ്ടെത്തി പറയുന്നു. - എല്ലാവർക്കും കണ്ടെത്താൻ കഴിഞ്ഞോ? എന്തുകൊണ്ട്? - വീണ്ടും വായന. - അറിയുന്നതും അറിയാത്തതും അടയാളപ്പെടുത്തുക അറിയുന്നതിന് ശരി അടയാളം, അറിയാത്തതിന് തെറ്റ് അടയാളം ഇടുക. -
അറിയുന്നവ ആദ്യം പറയണം. പിന്നീട് അറിയാത്തതും. ടീച്ചറും മറ്റുള്ളവരും ഇടപെട്ട് അറിയാത്ത പദങ്ങളുടെ അർത്ഥം നോട്ടുബുക്കിൽ എഴുതുന്നു.
- രണ്ടംഗ ഗ്രൂപ്പിൽ കുട്ടികൾ പരസ്പരം വായന - തുടർന്ന് ടീച്ചറുടെ വായന - മാണിക്കച്ചെമ്പളുക്ക കളിക്കുന്ന വിധം ടീച്ചർ ക്രോഡീകരിക്കുന്നു. - പാട്ട് ചൊല്ലിക്കൊടുക്കുന്നു. കളിക്കുന്നു.

*പ്രതികരണം: വായനയിൽ കുട്ടികൾ നേരിടുന്ന പൊതു പ്രശ്നം എന്താണ്? പരിഹാര മാർഗ്ഗങ്ങൾ, തിരിച്ചറിവുകൾ*

**2. എത്ര കളികളുടെ പേരറിയാം (40 മിനിറ്റ്)**

- നിങ്ങൾക്ക് എത്ര കളികളുടെ പേരറിയാം? - ഓരോരുത്തരും അറിയുന്ന കളികളുടെ പേരുകൾ നോട്ട്ബുക്കിൽ കുറിക്കുന്നു. - നാലംഗ ഗ്രൂപ്പിൽ ഓരോരുത്തരും അവതരിപ്പിക്കുന്നു.
- ഓരോരുത്തരും എഴുതാത്ത കളികളുടെ പേ ുകൾ ചേർത്ത് പട്ടിക വിപുലപ്പെടുത്തുന്നു.
- ഓരോ ഗ്രൂപ്പും അവതരിപ്പിക്കുന്നു. ടീച്ചർ ബോർഡിൽ കുറിക്കുന്നു. - ഇവയിൽ ഉപകരണങ്ങൾ വേണ്ടതും വേണ്ടത്താവയും ഉണ്ടാകും. ഏത് കളികളാണ് തരം തിരിക്കുക. - ടീച്ചർ ബോർഡിൽ കള്ളി വരയ്ക്കുന്നു.


| ഉപകരണം വേണ്ട കളികൾ | ഉപകരണം വേണ്ടാത്ത കളികൾ |
|---|---|
| പന്തുകളി | തൊട്ടുകളി |
| കക്ക്കളി | ഒളിച്ചുകളി |

- ബോർഡിൽ എഴുതിയ കളികളെ തരംതിരിക്കുന്നു. മറ്റെന്തെല്ലാം തരത്തിൽ തരംതിരിക്കാം. ചർച്ച.

**4. ഇഷ്ടപ്പെട്ട കളി - വിവരണം**

- ഇവിടെ ലിസ്റ്റ് ചെയ്യപ്പെട്ട കളികളിൽ നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട കളി ഏത് ? ഓരോരുത്തരും നോട്ടുപുസ്കത്തിൽ എഴുതണം - എന്തുകൊണ്ടാണ് ഈ കളി ഇഷ്ടമായത്? -പറയുന്നു. തുടർന്ന് ഓരോരുത്തരും ഓരോ വിവരണം തയ്യാറാക്കുന്നു. - വിവരണം എഴുതുമ്പോൾ എന്തെല്ലാം കാര്യങ്ങളാണ് കളിയെ കുറിച്ച് എഴുതാനുള്ളത് ? ചർച്ച,

- പദസൂര്യൻ രൂപീകരിക്കുന്നു.




- വ്യക്തിഗതമായി വിവരണം നോട്ട്ബുക്കിൽ എഴുതുന്നു (10മിനുട്ട്) - ടീച്ചറുടെ സഹായം ആവശ്യ മുള്ളവർക്ക് സഹായം ഉറപ്പാക്കുന്നു - നാലംഗ ഗ്രൂപ്പിൽ ഓരോരുത്തരും വായിക്കുന്നു - ഓരേ കളി തെരഞ്ഞെടുത്തവരെയാണ് ഗ്രൂപ്പാക്കേണ്ടത് - മറ്റുള്ളവർ വിലയിരുത്തി അഭിപ്രായങ്ങൾ പറയുന്നു. - വിലയിരുത്തൽ സൂചകം കുട്ടികളുടെ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നു - കളി എന്തുകൊണ്ട് ഇഷ്ടമായി എന്ന് എഴുതിയിട്ടുണ്ട് - കളിനിയമം രീതി എഴുതിയിട്ടുണ്ട്- ആശയം വ്യക്തമാകും വിധമാണ് എഴുതയത് - ആശയങ്ങൾ കൃത്യതയുള്ളതാണ് - അക്ഷരത്തെറ്റില്ലാതെ എഴുതി യിരിക്കുന്നു - ചർച്ചക്കുശേഷം മാറ്റി എടുക്കുന്നു. - മികച്ച പൊതുഅവതരണം - സൃഷ്ടികൾ പര സ്പരം വിലയിരുത്തുന്നു - നിർദ്ദേശങ്ങൾ നൽകുന്നു - കുട്ടികളുടെ വിലയിരുത്തലിനെയും രചനക ളെയും ടീച്ചർ വിലയിരുത്തുന്നു - കണ്ടെത്തലുകൾ ഗുണാത്മകമായി പറയുന്നു - ടീച്ചർ വേർഷൻ അവതരണം - ടീച്ചർ വേർഷൻ വായിക്കാനവസരം - ടീച്ചർ വായിച്ച് ചർച്ച ചെയ്യുക - ടീച്ചർ വേർഷ നുമായി സ്വന്തം രചന താരതമ്യം (ആശയം, പദം, അക്ഷരം) - തുടർന്ന് ഒരു ഗ്രൂപ്പിന്റെ രചന ചാർട്ടി ലെഴുതി എഡിറ്റ് ചെയ്യുന്നു - ടീച്ചർ വിശകലന ചോദ്യങ്ങൾ ചോദിക്കുന്നു - കളി എന്തെന്ന് വ്യക്ത തയോടെ പറഞ്ഞിട്ടുണ്ടോ? - കളിനിയമങ്ങൾ വ്യക്തമാക്കുന്നുണ്ടോ? - എല്ലാ ആശയങ്ങളും വന്നി ട്ടുണ്ടോ?- വാക്കുകൾ ക്രമം തെറ്റാതെ എഴുതിയിട്ടുണ്ടോ? - വാക്കുകൾ വിട്ടുപോയിട്ടുണ്ടോ? - ആവശ്യമില്ലാത്ത വാക്കുകൾ വന്നിട്ടുണ്ടോ? - നല്ല പദങ്ങൾ തെരഞ്ഞെടുത്ത് ഉപയോഗിച്ചിട്ടുണ്ടോ? - അക്ഷരങ്ങൾ, ചിഹ്നങ്ങൾ കൃത്യമായി ഉപയോഗിച്ചിട്ടുണ്ടോ? - അക്ഷരം, വാക്കുകൾ അകലം പാലിച്ച് എഴുതുന്നുണ്ടോ? - കുട്ടികൾ പറയുന്ന മാറ്റങ്ങൾ കൂടി സഹായമാണെങ്കിൽ മാറ്റം വരുത്തു ന്നു. - അടുത്ത ചർച്ചയിലൂടെ അവരെ ബോധ്യപ്പെടുത്തുന്നു. - മറ്റുള്ള രചനകളിൽ മാറ്റം വരുത്തു ന്നു.

***പ്രതികരണ പേജിലേക്ക്***

- എഡിറ്റിംഗ് എങ്ങനെ ഗുണം ചെയ്തു കുട്ടികളുടെ പ്രതികരണം - സ്വന്തം തിരിച്ചറിവ്

**5. കളിപ്പതിപ്പ്**

- കുട്ടികൾ നോട്ടുപുസ്തകങ്ങളിൽ തയ്യാറാക്കിയ കളി വിവരണം എ4 പേപ്പറിലേക്ക് മാറ്റിയെഴുതു ന്നു. - ചിത്രങ്ങൾ വരയ്ക്കുകയോ വെട്ടി ഒട്ടിക്കുകയോ ചെയ്യുന്നു. - എല്ലാവരും തയ്യാറാക്കിയ പതിപ്പ് ടീച്ചർ പരിശോധിക്കുന്നു. - തുടർന്ന് അവയെല്ലാം ചേർത്ത് കളിപ്പതിപ്പ് ടീച്ചറും കുട്ടികളും ചേർന്ന് തയ്യാറാക്കുന്നു. - ടീച്ചർ വേർഷൻ, ആമുഖം, ടീച്ചറുടെ വിലയിരുത്തൽകുറിപ്പ് എന്നിവ പതി പ്പിൽ വേണം. - കളിപ്പതിപ്പിൽ അക്ഷരത്തെറ്റില്ല എന്നും മികവുറ്റതാണെന്നും ക്ലാസ്സ്ടീച്ചർ ഉറപ്പാക്ക ണം.

*പ്രതികരണ പേജിലേക്ക്*

കളിപ്പതിപ്പ് തയ്യാറാക്കിയതിന്റെ മെച്ചം - കുട്ടികളുടെ പങ്കാളിത്തം - എല്ലാവരുടേയും രചന ഉൾപ്പെടുത്തിയോ?

**6. നമ്മുടെ കുളം - വായന**

നന്ദനയും കൂട്ടുകാരും മാഞ്ചുവട്ടിൽ കളിക്കുകയായിരുന്നു. അപ്പോൾ പാടവരമ്പിലൂടെ മുദ്രാവാക്യം വിളിച്ച് കുറേയാളുകൾ വരിവരിയായി നടന്നുവരുന്നത് നന്ദന കണ്ടു. അവൾ അച്ഛനോട് ചോദിച്ചു അവർ എന്തിനാണ് ഇങ്ങനെ മുദ്രാവാക്യം വിളിച്ചുപോകുന്നത്?

- എന്താണ് നിങ്ങളുടെ അഭിപ്രായം? - കുട്ടികൾ പ്രതികരിക്കുന്നു. ടീച്ചർ ബോർഡിൽ എഴുതുന്നു. - എന്തിനാണ് യഥാർത്ഥത്തിൽ അവർ ജാഥ നയിച്ചത്? - എങ്ങനെ അറിയാം? പുസ്തകവായന പേജ് 16-17 - വ്യക്തിഗത വായന - കണ്ടെത്തൽ, അവതരണം - എല്ലാവർക്കും കണ്ടെത്താൻ കഴിയാത്തതുകൊണ്ട് വീണ്ടും വായനയിലേക്ക് - അറിയുന്നതും അറിയാത്തതും അടയാളപ്പെടുത്തുന്നു. - അറിയുന്നതും അറിയാത്തതും - അവതരണം, ചർച്ച - പൊതു അവതരണം - ധാരണ വിപുലീകരിക്കുന്നു - ടീച്ചർ വായനാവേളയിൽ സഹായം വേണ്ടവർക്കരികിൽ ഇടപെട്ടു സഹായിക്കുന്നു

**7. ചോദ്യങ്ങൾ ഉത്തരങ്ങൾ**

ആശയഗ്രഹണ ചോദ്യങ്ങൾ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു.

നന്ദന അച്ഛനോട് പറഞ്ഞതെന്താണ്? - നുസ്റത്തിന്റെ ഉപ്പയുടെ തൊഴിൽ എന്താണ്? - എല്ലാവരും വട്ടിയും കുട്ടയുമായി എങ്ങോട്ടാണ് പോകുന്നത്? - കുളം നന്നാക്കിയാൽ എന്തെല്ലാം ഗുണങ്ങളുണ്ട്? - നാട്ടുകാരൊരുമിച്ചാൽ എന്തെല്ലാം ചെയ്യാൻ കഴിയും?

- കുട്ടികൾ ചോദ്യം വായിച്ച് ഉത്തരം വ്യക്തിഗതമായി കണ്ടെത്തുന്നു. - ഒരു ചോദ്യം ഉത്തരം എന്ന മട്ടിൽ എഴുതുന്നു. - ഗ്രൂപ്പിൽ വായിച്ച് അവതരണ (ഒരു ചോദ്യത്തിന് എല്ലാവരും എഴുതിയ ഉത്തരം വായിച്ചശേഷം രണ്ടാമത്തെ ചോദ്യമെടുക്കുക) - മെച്ചപ്പെടുത്തി എഴുതുക - തുടർന്ന് പൊതു അവതരണം. ഓരോ ഗ്രൂപ്പും അവതരിപ്പിക്കുന്നു - മറ്റു ഗ്രൂപ്പുകൾ പ്രതികരിക്കുന്നു - ടീച്ചർ മെച്ചപ്പെടുത്തുക - ശേഷം കുട്ടികൾ രണ്ടംഗഗ്രൂപ്പിൽ പരസ്പരം വായിച്ചുകൊടുക്കുന്നു. - ടീച്ചർ ഉറക്കെ വായിക്കുന്നു

**8. ചിത്രീകരണം**

നന്ദന : അച്ഛാ.... അതാ ഒരു ജാഥ പാടവരമ്പിലൂടെ വരിവരിയായി ആളുകൾ നടന്നുവരുന്നു.....

അച്ഛൻ എന്തായിരിക്കും പറഞ്ഞിട്ടുണ്ടാകുക? പറഞ്ഞുനോക്കൂ.

കുട്ടികൾ അവരുടെ തോന്നൽ പറയുന്നു.

ടീച്ചർ ചില ഉദാഹരണങ്ങൾ പറയുന്നു

കുറേയാളുകളുണ്ടല്ലോ? അവർ മുദ്രാവാക്യം വിളിക്കുന്നുണ്ട്.

എന്തിനാണ് അവർ ജാഥ നയിക്കുന്നത്?

നമുക്ക് അല്പംകൂടി അടുത്തേക്ക് പോകാം.

(ഇങ്ങനെയൊക്കെ പറയാൻ സാധ്യതയുണ്ട്)

ഇതുപോലെ ഈ സന്ദർഭത്തിൽ വരുന്ന മറ്റു കഥാപാത്രങ്ങൾ ആരെല്ലാം? കുട്ടികൾ പറയുന്നു (രാജു, നുസ്റത്ത്, നുസ്റത്തിന്റെ ഉപ്പ, ഗോവിന്ദേട്ടൻ, നന്ദന, നന്ദനയുടെ അച്ഛൻ) ഏഴ് കുട്ടികളുടെ സംഘം. ഓരോരുത്തരും ഓരോ കഥാപാത്രങ്ങൾ. അവർ പറയുന്ന സംഭവങ്ങൾ എല്ലാവരും എഴുതിയെടുക്കണം. - ആദ്യം കഥാപാത്രങ്ങളെ നിശ്ചയിക്കൽ. - ആരാദ്യം പറയും. - ക്രമം നിശ്ചയിക്കൽ. ഒരാൾക്ക് രണ്ട് പ്രതികരണമെങ്കിലും വേണം. - കുട്ടികൾ പറയുന്നു (പൂർണ്ണമായും) വീണ്ടും പറയൽ. - പിന്നീട് എഴുതൽ. ക്ലാസിൽ അവതരണം - ഒരു ഗ്രൂപ്പ് അവതരിപ്പിക്കുമ്പോൾ മറ്റു ഗ്രൂപ്പുകൾ വിലയിരുത്തണം. - സൂചകങ്ങൾ കുട്ടികളുടെ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നു.

പങ്കാളിത്തം - സംഭാഷണത്തിന്റെ തുടർച്ച, വ്യക്തത - സ്വാഭാവികമായ സംഭാഷണരീതി

വിലയിരുത്തൽ - ചർച്ച - അഭിപ്രായം പരിഗണിച്ച് സംഭാഷണമെഴുതൽ - മെച്ചപ്പെടുത്തൽ - നോട്ടുബുക്കിൽ എല്ലാവരും എഴുതി എന്ന് ഉറപ്പാക്കണം

*പ്രതികരണപേജിലേക്ക്*

- ഇവിടെ അവതരണത്തിനുശേഷമാണ് രചനപ്രവർത്തനം. - ഇത് എങ്ങനെ അനുഭവപ്പെട്ടു. - കുട്ടികളുടെ പഠനനേട്ടത്തെ എങ്ങനെ സ്വാധീനിച്ചു. - തുടർന്ന് സർഗ്ഗവേദി, സി.പി.ടി.എകളിൽ അവതരണം.

**9. പൊതു ഇടങ്ങൾ**

- കുളം ഒരു പൊതു ഇടമാണ് എന്ന് പറയുന്നത് എന്തുകൊണ്ട്? - കുട്ടികൾ പ്രതികരിക്കുന്നു. - പ്രതികരണം എഴുതുന്നു മറ്റ് പൊതു ഇടങ്ങൾ ഉണ്ടോ? - ലഘു ചോദ്യങ്ങളിലൂടെ പ്രതികരണങ്ങൾ ശേഖരിക്കുന്നു - യാത്ര ചെയ്യാനായി നാം കാത്തുനിൽക്കുന്ന സ്ഥലം - കുട്ടികൾ കളിക്കുന്ന സ്ഥലം - പഠിക്കുന്ന സ്ഥാപനം - ഇങ്ങനെ ധാരാളം പൊതു ഇടങ്ങൾ ഉണ്ടെന്നും അവ നമ്മൾ തന്നെ പരിപാലിക്കണമെന്നും ഉള്ള ആശയം ചർച്ച ചെയ്യുന്നു.

**10 ബോർഡുകൾ**

- പാഠപുസ്തകം പേജ് 19ലെ കുളത്തിൻകരയിലെ ബോർഡിൽ എന്താണ് എഴുതിയത്? - കുട്ടികൾ പ്രതികരിക്കുന്നു - മറ്റെവിടെയെങ്കിലും ഇത്തരം ബോർഡുകൾ ആവശ്യമാണോ? - എങ്കിൽ എവിടെയെല്ലാം? - ഭക്ഷണപ്പുര, കളിസ്ഥലം, മൂത്രപ്പുര, ക്ലാസ്സ്മുറി, കിണർ - കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തണം. ഓരോ ഗ്രൂപ്പും ഒരോ സ്ഥലത്തേക്കുള്ള ബോർഡ് തയ്യാറാക്കണം. - വ്യക്തിഗതമായി എഴുതുക. - തുടർന്ന് ഗ്രൂപ്പിൽ ചർച്ചചെയ്ത് മെച്ചപ്പെടുത്തണം. - ടീച്ചർ വേർഷൻ പ്രദർശിപ്പിക്കുക.

ഠ ഭക്ഷണപ്പുര വൃത്തിയായി സൂക്ഷിക്കുക ഠ ജലം വിലപ്പെട്ടതാണ് പാഴാക്കരുത് ഠ ഉപയോഗശൂന്യമായ കടലാസുകൾ ചവറ്റുകുട്ടയിലിടുക ഠ കിണറും പരിസരവും ശുചിയായി സൂക്ഷിക്കുക

- കുട്ടികൾ വായിക്കുന്നു - എല്ലാവരും വായിച്ചു എന്ന് ഉറപ്പാക്കുക

**11. എന്തെല്ലാം തൊഴിലുകൾ**

- നുസ്രത്തിന്റെ വാപ്പയുടെ തൊഴിൽ എന്താണ്? (തുന്നൽ) - നിങ്ങൾ വലുതായാൽ എന്ത് ജോലി ചെയ്യാനാണിഷ്ടം? - കുട്ടികൾ പ്രതികരിക്കുന്നു - ഡ്രൈവർ, പോലീസ്, ഡോക്ടർ, ടീച്ചർ, ......................

- ഒരേ ജോലി പറഞ്ഞവരെ ഗ്രൂപ്പാക്കുന്നു. - അവർ അത് അഭിനയിച്ച് കാണിക്കുന്നു. - കൂടുതൽ തൊഴിലുകൾ ലിസ്റ്റ് ചെയ്യുന്നു. - നോട്ട്ബുക്കിൽ എഴുതുന്നു. - പാഠപുസ്തകം പേജ് 18 ലെ ചിത്രം നിരീക്ഷിക്കുക - എന്തെല്ലാം തൊഴിലുകളാണ് കാണാൻ കഴിയുന്നത്? - കുട്ടികൾ ലിസ്റ്റ് ചെയ്യുന്നു (തുന്നൽ, കച്ചവടം, പോലീസ്, ഓട്ടോഡ്രൈവർ, ടീച്ചർ, കൃഷി, ഇലക്ട്രിക്ട്രീഷ്യൻ) - മറ്റു കുട്ടികൾ കൂട്ടിച്ചേർക്കുന്നു - ടീച്ചർ ക്രോഡീകരിക്കുന്നു

നമ്മുടെ നാട്ടിൽ വിവിധതരം തൊഴിലുകളുണ്ട്.
എല്ലാ തൊഴിലുകളും മഹത്തരമാണ്.

**12. തൊഴിൽ സർവ്വെ**

- എങ്കിൽ നമുക്ക് ചുറ്റുമുള്ള ജനങ്ങൾ എന്തെല്ലാം തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു. - കുട്ടികൾ മൂന്നു വീട്ടിലെങ്കിലും പോയി വിവരം ശേഖരിക്കുന്നു. - ഫോർമാറ്റ് കുട്ടികളെ പരിചയപ്പെടുത്തുന്നു.

**വർക്ക്ഷീറ്റ് - 2**

- വിവരശേഖരണരീതി പരിചയപ്പെടുത്തുന്നു. - ഫോറം നൽകുന്നു - വിവരം ശേഖരിച്ച് ഏത് തൊഴിൽമേഖലയിലാണ് കൂടുതൽ പേർ ജോലി ചെയ്യുന്നത് - ഓരോ കുട്ടിയും ക്ലാസ്സിലും ഫലം ക്രോഡീകരിക്കണം - ഏതെല്ലാം തൊഴിലുകൾ നമുക്ക് ചുറ്റും ഉണ്ട് - കൂടുതൽ പേർ ഏത് തൊഴിൽ ചെയ്യുന്നു - കുറച്ച് പേർ ഏത് തൊഴിൽ ചെയ്യുന്നു - നോട്ടുപുസ്തകത്തിൽ അപഗ്രഥനം, നിഗമനം രേഖപ്പെടുത്തുക - സി.പി.ടി.എയിൽ കുട്ടികൾ പഠനഫലം അവതരിപ്പിക്കുക

***പ്രതികരണ പേജലേക്ക്***

- എല്ലാ കുട്ടികളും സർവ്വേയിൽ പങ്കെടുത്തോ - ഇല്ലെങ്കിൽ കാരണം - എല്ലാവർക്കും വിവരങ്ങൾ അപഗ്രഥിക്കാൻ കഴിഞ്ഞോ? - സ്വന്തം നിരീക്ഷണങ്ങളും തിരിച്ചറിവുകളും - രക്ഷിതാക്കളുടെ സഹകരണം എത്രമാത്രം ലഭിച്ചു - ടീച്ചറുടെ നിർദേശം കൃത്യമായിരുന്നോ? - ..........................
......................................

**13. വാക്കുകൾ എഴുതാം വായിക്കാം**

- ഏത് ഗ്രൂപ്പാണ് ഏറ്റവും കൂടുതൽ വാക്കുകൾ ഉണ്ടാക്കുക.

| | | | | | | | |
|---|---|---|---|---|---|---|---|
| മ | ത | ര | യ്യ | ഷി | ഡ്രൈ | പോ | ൽ |
| സ് | ടീ | ക | ടം | പ | വ | ണി | ർ |
| ച്ച | ലി | സ | മ | ഗ | പ | ജ | ബ |

- വാക്കുകൾ ഒരു തൊഴിലിന്റെ പേരായിരിക്കണം - ഗ്രിഡ് പ്രയാസമുണ്ടെങ്കിൽ ലളിതമായും നൽകാം.

- മരപ്പണി, തയ്യൽ, ഡ്രൈവർ, പോലീസ്, ടീച്ചർ, കച്ചവടം, കൃഷിപ്പണി - തുടർന്ന് പാഠപുസ്തകം പേജ് 19ലെ പദകേളി ചെയ്യുന്നു

**14 വാക്കുകൾ വാക്യങ്ങൾ**

- കണ്ടെത്തിയ പദങ്ങൾ ഉപയോഗിച്ച് വ്യക്തിഗതമായി വാക്യം ഉണ്ടാക്കുന്നു. - പൊതു അവതരണം ചർച്ച, - മെച്ചപ്പെടുത്തി എഴുതുക.

**15. കളിപ്പാട്ട നിർമ്മാണം**

മച്ചിങ്ങ, പ്ലാവില, ഈർക്കിൽ, തെങ്ങോല എന്നിവ കൊണ്ടുവരാൻ തലേദിവസം പറയണം. - ടീച്ചറും കുറച്ച് കരുതിവെക്കണം - ഈ വസ്തുക്കളുപയോഗിച്ചുള്ള കളി ഉപകരണങ്ങൾ തയ്യാറാക്കാൻ കുട്ടികൾക്ക് അനുഭവം നൽകുന്നു. - പ്രാദേശിക വിദഗ്ധരുടെ സഹായം ആവശ്യമെങ്കിൽ കണ്ടെത്താം. - ഓരോ ഗ്രൂപ്പും ഓരോ വസ്തു ഉണ്ടാക്കുന്നു. - പിന്നെ അടുത്ത ഗ്രൂപ്പിലേക്ക് ഉല്പന്നങ്ങളുടെ പ്രദർശനം - എങ്ങനെയുണ്ടാക്കണമെന്ന് പറയൽ

**16 മലനാടിന്റെ പ്രത്യേകത**

- എന്തെല്ലാമാണ് നാടിന്റെ പ്രത്യേകത - വർക്ക്ഷീറ്റ് 2105 നൽകുന്നു - പദസൂര്യനിൽ വാക്കുകൾ കൂട്ടിച്ചേർക്കുന്നു - നാടിന്റെ ഭംഗി സംബന്ധിച്ച് വിവരണം പറയുന്നു - എഴുതുന്നു (വ്യക്തിഗതം) - ഗ്രൂപ്പിൽ വായിച്ച് അവതരണം - സൂചകം വെച്ച് വിലയിരുത്തുന്നു - ചർച്ച - മെച്ചപ്പെടുത്തി എഴുതൽ

**17. പാടാം (കണ്ണാടി 1)**

- പാഠപുസ്തകം പേജ് 20 ലെ പാടാം എന്ന കവിതാഭാഗം കുട്ടികൾ സ്വന്തമായി ഈണം കണ്ടെത്തി അവതരിപ്പിക്കണം. - ഇത് വിലയിരുത്തൽ പ്രവർത്തനമാണ്. വിലയിരുത്തിയതിന് ശേഷം ഗ്രൂപ്പിൽ ചേർന്ന് ആലപിക്കാൻ അവസരം.

**18. പറയാം എഴുതാം ( കണ്ണാടി 2)**

- മലനാടിന്റെ എന്തൊക്കെ പ്രത്യേകതകളാണ് കവിതയിൽ പറഞ്ഞിരിക്കുന്നത് ? - കവിത വീണ്ടും വായിച്ച് വ്യക്തിഗതമായി നോട്ടുബുക്കിൽ എഴുതുന്നു. - ടീച്ചർ വിലയിരുത്തുന്നു. ഗ്രൂപ്പ് അവതരണം, - ചർച്ച - മെച്ചപ്പെടുത്തൽ

**19. എഴുതാം (കണ്ണാടി 3)**

- പാഠപുസ്തകം പേജ് 20 ലെ എഴുതാം എന്നപ്രവർത്തനം കുട്ടി വ്യക്തിഗതമായി ചെയ്യുന്നു.
- കവിത വായിച്ച് സമാനപദങ്ങളുടെ ചേരുവ എടുത്തെഴുതുക.

**20. പറയാം എഴുതാം (കണ്ണാടി 4)**

- കവിതയ്ക്ക് തലകെട്ടു നൽകൂ - കവിതയിലെ ആശയം പറയൂ എഴുതൂ - കുട്ടികൾ വ്യക്തിഗതമായി എഴുതുന്നു. - ടീച്ചർ വിലയിരുത്തുന്നു. - ഗ്രൂപ്പിൽ പങ്കുവെയ്ക്കുന്നു. ടീച്ചർ കൂട്ടിചേർക്കുന്നു.

**21. വീട് നിർമ്മാണം തൊഴിൽ**

- പാഠപുസ്തകം പേജ് 21 ലെ പ്രവർത്തനം കുട്ടികൾ വീട് പണിയുമായി ബന്ധപ്പെട്ട പദങ്ങൾ ചേർത്തെഴുതുന്നു.

# ഡയറ്റ് മലപ്പുറം - സ്ലേറ്റ് - 2

## മലയാളം - വർക്ക് ഷീറ്റ്

## 2102

| ക്ലാസ് : 2 | യൂണിറ്റ് : 1 എന്റെ കേരളം | മൊഡ്യൂൾ : 3 മാണിക്കച്ചെമ്പഴുക്ക |
|---|---|---|

| കുട്ടിയുടെ പേര് : | സ്കൂൾ : |
|---|---|

### തൊഴിൽ സർവ്വെ 2015

| ക്രമനമ്പർ | പേര് | വീട്ടുപേര് | തൊഴിൽ |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |

കുട്ടിയുടെ ഒപ്പ് : ..........................................................................

# ഡയറ്റ് മലപ്പുറം - സ്ലേറ്റ് - 2

## മലയാളം - വർക്ക് ഷീറ്റ്


## 2103

| | | |
|---|---|---|
| ക്ലാസ് : 2 | യൂണിറ്റ് : 1 എന്റെ കേരളം | മൊഡ്യൂൾ : 3 മാണിക്കച്ചെമ്പഴുക്ക |

| | |
|---|---|
| കുട്ടിയുടെ പേര് : | സ്കൂൾ : |



എന്റെ നാട് - ഇതുമായി ബന്ധപ്പെട്ട് എത്ര വാക്കുകൾ എഴുതാൻ കഴിയും ?





നാടിനെപ്പറ്റി കുറേ കാര്യങ്ങൾ കണ്ടെത്തി എഴുതിയല്ലോ. ഇതിൽ ആവശ്യമുള്ളത് ചേർത്ത് ***എന്റെ നാട്*** എന്ന വിവരണം തയ്യാറാക്കൂ.

| ക്ലാസ് : 2 | യൂണിറ്റ് : 1എന്റെ കേരളം | മൊഡ്യൂൾ : 3 മാണിക്കച്ചെമ്പഴുക്ക |
|---|---|---|

## കക്ക് കളി



മുറ്റത്ത് പത്തടി നീളവും നാലടി വീതിയുമുള്ള ഒരു ചതുരം വരയ്ക്കുക. രണ്ടടി വീതിയിൽ ചതുരം നീളത്തിൽ ഭാഗിക്കുക. കുറുകെ രണ്ടടി നീളത്തിൽ കളങ്ങൾ ഭാഗിക്കുക. രണ്ട് ഭാഗങ്ങളിലായി അഞ്ച് കള്ളികൾ ലഭിക്കും. കളങ്ങളുടെ എണ്ണം നീളം വീതി എന്നിവ ഇഷ്ടംപോലെ മാറ്റാം. രണ്ടോ അതിലധികമോ കുട്ടികൾ കളിക്കുന്ന കളിയാണിത്. പരന്ന ചെറിയ കല്ലുകൾ, ഓടിന്റെ കഷ്ണം എന്നിവയാണ് കളിക്കുവേണ്ട മറ്റൊരു വസ്തു. ഒരു കുട്ടി കളത്തിന് പുറത്തുനിന്നും കല്ല്/ഓട് കഷ്ണം ഒന്നാമത്തെ കളത്തിലിടുന്നു. ഒറ്റക്കാലിൽ ചാടി അത് മറുപുറത്തേയ്ക്ക് ഒറ്റക്കാലുകൊണ്ട് തട്ടിത്തെറിപ്പിക്കണം. ഒന്നിൽക്കൂടുതൽ പ്രാവശ്യം തെറിപ്പിക്കാനവസരമുണ്ട്. അതിനിടയിൽ മറ്റേ





കാൽ നിലത്ത് തൊടരുത്. പക്ഷേ തെറിപ്പിക്കുമ്പോൾ ഇടയിലുള്ള വരകളിൽ വന്നുനിൽക്കാൻ പാടില്ല. കളിക്കിടയിൽ വിശ്രമത്തിന് ഒരു കള്ളിയുണ്ടാവും. കളിക്കുന്ന ആൾ വര സ്പർശിക്കാനും പാടില്ല. പുറത്തുചാടിച്ച കല്ലുകഷ്ണത്തിന്റെ മുകളിലേയ്ക്ക് കളിക്കുന്ന ആൾ ചാടിതൊടണം. ഈ നിയമം പാലിച്ചില്ലെങ്കിൽ ഊഴം കഴിഞ്ഞു. അടുത്തത് രണ്ടാമത്തെ കുട്ടി. ഇങ്ങനെ എത്ര പേരുണ്ടോ അത്രയും കഴിഞ്ഞശേഷം ഒന്നാമത്തെ കുട്ടിയുടെ ഊഴമാണ്. ഒന്നാമത്തെ കുട്ടി ഒന്നാമത്തെ കള്ളിയിൽ നിന്നും വിജയകരമായി കക്ക് തെറിപ്പിച്ചിട്ടുണ്ടെങ്കിൽ കളി തുടരാം. പിന്നെ രണ്ട്, മൂന്ന്, ........ കുട്ടികളിലും ഇതാവർത്തിക്കണം. എല്ലാ കള്ളികളിലും പൂർത്തിയാക്കുന്നയാൾ പുറംതിരിഞ്ഞുനിന്ന് പിന്നിലേയ്ക്ക് കക്ക് ഇടണം. ഇതും തെറിപ്പിക്കണം. ഒറ്റക്കാലിന്റെ പടത്തിൽ കക്ക് വെച്ച് ചാടിക്കടക്കണം. നെറ്റിയിൽ കക്ക് വെച്ച് മുകളിലേയ്ക്ക് നോക്കി രണ്ട് ഭാഗത്തെ കള്ളികളിലും ഓരോ കാൽ വെച്ച് വര തൊടാതെ, നെറ്റിയിലെ കക്ക് വീഴാതെ മറുപുറത്തെത്തണം. ഇത്രയുമാകുമ്പോഴാണ് കളിയിൽ വിജയിക്കുക. കുട്ടിക്കാലത്ത് ഏറെ കളിച്ചിരുന്നതിനാലാണ് ഇതിനോട്  ഇത്രയും ഇഷ്ടം തോന്നുന്നത്.